## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6607 — 09.07.2014 ലെ മറുപടിയ്ക്ക്

### ലക്ഷ്യമിട്ട പ്രകാരമുള്ള നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. എസ്. ശർമ്മ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സർക്കാർ ലക്ഷ്യമിട്ട പ്രകാരം നികുതി പിരിച്ചെടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; സാധ്യതയുടെ എത്ര ശതമാനം യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | 2013-2014 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ട പ്രകാരമുള്ള നികുതി പിരിച്ചെടുക്കുന്നതിന് സാധ്യമായിട്ടില്ല. 2011 - 2012 മുതൽ 2013-2014 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ലക്ഷ്യമിട്ടിരുന്ന വരുമാനം (പ്രതീക്ഷിച്ച വരുമാനം), ലഭിച്ച വരുമാനം, 2014-2015 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരിക്കുന്ന വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം മെയ് 2014 വരെ ലഭിച്ച വരുമാനം എന്നിവയുടെ വിശദ വിവരം ഇനം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഓരോ ഇനത്തിലും മുൻ സാമ്പത്തിക വർഷവും ഈ വർഷം ഇതേവരെയും സർക്കാർ ലക്ഷ്യമിട്ട തുക, പിരിച്ചെടുത്ത തുക എന്നിങ്ങനെ ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ ; | | |
| (സി) | ലക്ഷ്യമിട്ടതുക പിരിച്ചെടുക്കാൻ സാധിക്കാത്തത് കെടുകാര്യസ്ഥതയും ഉദാസീനതയുമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ; | (സി) | ലക്ഷ്യമിട്ടതുക പിരിച്ചെടുക്കാൻ സാധിക്കാത്തത് കെടുകാര്യസ്ഥതയും ഉദാസീനതയും മൂലമല്ല. ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>വിദേശ മദ്യ വില്പനയിലുണ്ടായ കുറവ്, വാഹനങ്ങളുടെ വിൽപനയിലുണ്ടായ കുറവ്, കെട്ടിട നിർമ്മാണ മേഖലയിലുണ്ടായ മാന്ദ്യം, വർക്ക് കോൺട്രാക്ട് വഴിയുള്ള വരുമാനത്തിലുണ്ടായ കുറവ്, ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവ് എന്നിവ |

ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാതിരുന്നതിന്റെ പ്രധാന കാരണങ്ങളാണ്.

കൂടാതെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിൽ 2%

കുറവു വരുത്തിയതും അരിയെ പൂർണ്ണമായി നികുതിയിൽനിന്ന് ഒഴിവാക്കിയതും പയർ വർഗ്ഗങ്ങൾ, മൈദ, ആട്ട, എഡിബിൽ ഓയിൽ എന്നിവയുടെ നികുതി 1% കുറച്ചതും റബ്ബർ മേഖലയിൽനിന്നുള്ള നികുതി വരുമാനത്തിലുണ്ടായ കുറവും ലക്ഷ്യമിട്ട തുക പിരിച്ചെടുക്കുവാൻ കഴിയാത്തതിനു കാരണങ്ങളാണ്.

(ഡി) നികുതി പിരിവിലൂടെ കണ്ടെത്തുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യമിട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് മറ്റ് എന്ത് മാർഗ്ഗമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(ഡി) ലക്ഷ്യമിട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് 2014-ലെ ധനകാര്യ ബിൽ പ്രകാരം താഴെപറയുന്ന നികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 10 %

ഉയർത്തിയതിലൂടെ 400 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**2.** ഒരു കോടി രൂപയ്ക്കുമേൽ ടെക്സ്റ്റൈൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റൈലുകളുടെ വിറ്റുവരവിന്മേൽ 2 % ടേണോവർ ചാർജ്ജ് ചുമത്തിയിട്ടുണ്ട്. ഇതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**3.** വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടേയും നികുതി ഒരു ശതമാനത്തിൽ നിന്നും 5 % ആയി ഉയർത്തിയിട്ടുണ്ട്. 80 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**4.** എല്ലാത്തരം U.P.S കളുടേയും നികുതി നിരക്ക് 14.5 ശതമാനം ഉയർത്തിയിട്ടുണ്ട്. 6

കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷി ക്കുന്നു.

5. അലൂമിനിയം കോമ്പോസിറ്റ് പാനലിന്റെ നികുതി 14.5 % ആയി ഉയർത്തിയിട്ടുണ്ട്. ഇതിലൂടെ 5 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

6. ട്രേഡ് മാർക്ക് ആക്ടിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബ്രാന്റ് നെയിം ഉപയോഗിക്കുന്ന റസ്റ്റോറന്റുകളെ 0.5 % എന്ന കുറഞ്ഞ കോമ്പൗണ്ടിംഗ് നിരക്കിന്റെ ആനുകൂല്യത്തിൻ നിന്നും മാറ്റുകയും 5 % ഷെഡ്യൂൾ നിരക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. 10 കോടി രൂപയുടെ അധിക വരുമാനം ഇതിൻനിന്നും പ്രതീക്ഷിക്കുന്നു.

7. മെറ്റൽ ക്രഷറകളുടെ കോമ്പൗണ്ടിംഗ് നിരക്ക് പരിഷ്കരിച്ചതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷി ക്കുന്നു.

8. എം-സാന്റിന്റെ നികുതി നിരക്ക് 14.5 % ആയി ഉയർത്തുകയും, കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തുകയും ചെയ്തതി ലൂടെ 40 കോടി രൂപയുടെ അധിക വരു മാനം പ്രതീക്ഷിക്കുന്നു.

കൂടാതെ നികുതി കുടിശ്ശിക പിരിച്ചെ ടുക്കുന്നതിനുള്ള നടപടികളും സർക്കാർ ഊർജ്ജിതമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

(തുക കോടിയിൽ)

| | 2011–12 | | 2012–13 | | 2013–14 | | 2014–15 | |
|---|---|---|---|---|---|---|---|---|
| | പ്രതീക്ഷിച്ച വരുമാനം | ലഭിച്ച വരുമാനം | പ്രതീക്ഷിച്ച വരുമാനം | ലഭിച്ച വരുമാനം | പ്രതീക്ഷിച്ച വരുമാനം | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ലഭിച്ച വരുമാനം | പ്രതീക്ഷിച്ച വരുമാനം | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം മേയ് 2014 വരെ ലഭിച്ച വരുമാനം |
| കോർപ്പറേഷൻ നികുതി | 2288.63 | 2357.86 | 2869.94 | 2457.2 | 2818.88 | 2511.79 | 3241.71 | 433.28 |
| കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായനികുതികൾ | 1017.65 | 1197.69 | 1411.6 | 1471.08 | 1744.84 | 1653.94 | 2006.57 | 308.66 |
| കാർഷികാദായ നികുതി | 14.49 | 42.86 | 15.98 | 18.92 | 23.99 | 21.55 | 26.35 | 0.7 |
| ഭൂ നികുതി | 162.84 | 60.75 | 127.72 | 121.58 | 135.49 | 88.77 | 169.57 | 56.52 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 3252.17 | 2986.56 | 3775.71 | 2938.37 | 4207.01 | 2593.29 | 3733.67 | 380.79 |
| സമ്പത്ത് നികുതി | 5 | 9.1 | 5.4 | 4:16 | 7.05 | 6.89 | 8.11 | 1 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 90.84 | 59.11 | 91 | 67.58 | 87.59 | 76.14 | 90.14 | 6.93 |
| കസ്റ്റംസ് തീരുവ | 886.89 | 1038.62 | 1202.65 | 1136.75 | 1315.97 | 1218.58 | 1513.36 | 200.44 |
| കേന്ദ്ര എക്സൈസ് തീരുവ | 722.34 | 672.08 | 917.26 | 772.54 | 926.54 | 860.66 | 1065.52 | 129.42 |
| സംസ്ഥാന എക്സൈസ് | 2059.05 | 1883.18 | 2550.65 | 2313.95 | 2801.75 | 1941.72 | 3208.36 | 401.8 |
| വിൽപന നികുതി | 19427.9 | 18938.83 | 23450.52 | 22511.09 | 28456.62 | 24884.3 | 31913.47 | 4234.17 |
| വാഹന നികുതികൾ | 1410.73 | 1587.13 | 1694.49 | 1924.62 | 2570.65 | 2161.05 | 2799.82 | 363.99 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 29.31 | 21.28 | 250 | 24.71 | 284.15 | 42.25 | 309.14 | 7.40 |
| സേവന നികുതി | 568.04 | 715.01 | 696.61 | 998.92 | 1330.51 | 1216.82 | 1530.09 | 227.42 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 194.2 | 138.89 | 166.15 | 155.8 | 203.86 | 184.94 | 216.97 | 30.34 |

8/7/14

സെക്ഷൻ ഓഫീസർ